8769
27/8/14

**കേരള സർക്കാർ**

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി - 2014 ഓഗസ്റ്റ് മാസം വരെയുള്ള പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ.) നം. 547/2014/സാനീവ തിരുവനന്തപുരം, തീയതി 25.08.2014

=====================================================================

പരാമർശം: 1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 02.08.2014 ലെ എഫ്.ബി.(എ) 4- 38270/2013 നമ്പർ കത്ത്.

2. 25.08.2014 ലെ സ.ഉ.(സാധാ) 6630/14/ധന നമ്പർ ഉത്തരവ്.

## ഉത്തരവ്

ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 130,00,00,000/- (നൂറ്റി മുപ്പത് കോടി രൂപ മാത്രം) പൂർണ്ണമായും വിനിയോഗിച്ചതായും 2014 ജനവരി മുതൽ 2014 ഓഗസ്റ്റ് വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനായി ആകെ 308,84,78,400/- രൂപ (മുന്നൂറ്റി എട്ട് കോടി എൺപത്തിനാല് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി നാനൂറ് രൂപ മാത്രം) ആവശ്യമാണെന്നും മേൽ പരാമർശിച്ച കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിനെ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ക്ഷേമപെൻഷനുകൾ കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ നൽകുന്നതിനായി പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം 2235-60-102-97-PV ശീർഷകത്തിൽ അധികമായി വകയിരുത്തിയ ചുവടെ ചേർത്തിട്ടുള്ളത് പ്രകാരമുള്ള ആകെ 308,84,64,000/- (മുന്നൂറ്റിയെട്ട് കോടി എൺപത്തിനാല് ലക്ഷത്തി അറുപത്തിനാലായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

| Head of Account | Additional Amount Authorised (Rs) |
|---|---|
| 2235 SOCIAL SECURITY AND WELFARE | |
| 60 OTHER SOCIAL SECURITY AND WELFARE PROGRAMMES | |
| 191 ASSISTANCE TO MUNICIPAL CORPORATIONS | |
| 50 BLOCK GRANT FOR REVENUE EXPENDITURE (Plan Voted) | 15,56,16,000/- |
| 192 ASSISTANCE TO MUNICIPALITIES | |
| 50 BLOCK GRANT FOR REVENUE EXPENDITURE (Plan Voted) | 25,12,56,000/- |
| 198 ASSISTANCE TO VILLAGE PANCHAYATS | |
| 50 BLOCK GRANT FOR REVENUE EXPENDITURE (Plan Voted) | 268,15,92,000/- |
| Total | 308,84,64,000/- |

ലാൻഡ് റവന്യൂ കമ്മീഷണർ ഈ തുക ജില്ലാ കളക്ടർമാർക്ക് നൽകുന്നതിന് പകരം പഞ്ചായത്ത് ഡയറക്ടർക്ക് നേരിട്ട് അനുവദിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഡോ. കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന IT മിഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (U.O. No.69765/BWD3/14/Fin തീയതി 25.08.2014 പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയാ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ